കേരള സർക്കാർ

നം.210/ ഡി.ബി.2/ 18/ തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

തിരുവനന്തപുരം, 02.07.2018

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് -സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ ഉച്ചകഴിഞ്ഞുള്ള പ്രവർത്തനത്തിന് ഡോക്ടർമാർ,പാരാമെഡിക്കൽ സ്റ്റാഫ്എന്നിവരെ നിയമിക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/05/2018 ലെ 3.13 നമ്പർ തീരുമാനം

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം , കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ പ്രവർത്തനം രാവിലെ 8.00 മണി മുതൽ 1.00 മണി വരെയും ഉച്ച കഴിഞ്ഞ് 1.00 മണി മുതൽ 6.00 മണി വരെയും ആക്കുന്നതിന്റെ ഭാഗമായി ഉച്ച കഴിഞ്ഞുള്ള പ്രവർത്തനത്തിന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. ഡോക്ടർമാരെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാപ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി എടുക്കേണ്ടതാണ്.
2. അതാതു തദ്ദേശഭരണ സ്ഥാപനത്തിൽ പ്രത്യേകമായി ഇന്റർവ്യൂ ചെയ്ത് ഡോക്ടർമാരെ എടുക്കാവുന്നതല്ല.
3. പി.എച്ച്.സി/സി.എച്ച്.സി.യുടെ പ്രവർത്തനം രാവിലെ 8.00 മണിമുതൽ 1.00 മണിവരെയും ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 6.00 മണിവരെയും ആക്കുന്നതിന്റെ ഭാഗമായി മാത്രമേ അധികമായി ഡോക്ടർമാരെയും നഴ്സ്മാരെയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാവൂ.

(.....2)

4. ഇതു കൂടാതെ താലൂക്കാശുപത്രിയിലും ആവശ്യമെങ്കിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ്ഡയറക്ടർ,തിരുവനന്തപുരം.(ആവശ്യമായനിർദ്ദേശം നല്കുന്നതിന്)
പഞ്ചായത്ത്ഡയറക്ടർ,തിരുവനന്തപുരം.(ആവശ്യമായനിർദ്ദേശം നല്കുന്നതിന്)
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.(ആവശ്യമായ നിർദ്ദേശം നല്കുന്നതിന്)
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം.(ആവശ്യമായ നിർദ്ദേശം നല്കുന്നതിന്)
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ , തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/ 210/ 18
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ